മലയാള മനോരമ

10 June 2026




പുതുവൈപ്പ് ബീച്ചിൽ ശുചീകരണം നടത്തിയ സിഎംഎഫ്ആർഐ സംഘം.

# പുതുവൈപ്പ് ബീച്ചിൽ ശേഖരിച്ചു 300 കിലോഗ്രാം പ്ലാസ്റ്റിക് മാലിന്യം

കൊച്ചി● സഞ്ചാരികളും നാട്ടുകാരും ഉൾപ്പെടെ വൻതോതിൽ സന്ദർശകർ എത്തുന്ന പുതുവൈപ്പ് ബീച്ചിൽ നിന്നു ശേഖരിച്ചത് പ്ലാസ്റ്റിക് കുപ്പികളും ഭക്ഷണപ്പൊതികളും വള്ളങ്ങളുടെയും വലകളുടെയും അവശിഷ്ടങ്ങളും ഉൾപ്പെടെ 300 കിലോയിലേറെ പ്ലാസ്റ്റിക് മാലിന്യം. ലോക സമുദ്ര ദിനാചരണത്തിന്റെ ഭാഗമായി സിഎംഎഫ്ആർഐ നടത്തിയ ബീച്ച് ശുചീകരണത്തിൽ ഇവ ശേഖരിച്ചു തരംതിരിച്ചു മാറ്റി.

സിഎംഎഫ്ആർഐയുടെ മറൈൻ ബയോഡൈവേഴ്സിറ്റി എൻവയൺമെന്റ് ആൻഡ് മാനേജ്മെന്റ് വിഭാഗത്തിലെ ജീവനക്കാരും ഗവേഷക വിദ്യാർഥികളും ശുചീകരണത്തിനു നേതൃത്വം നൽകി.

പ്ലാസ്റ്റിക് ഉൾപ്പെടെ സമുദ്ര മാലിന്യങ്ങൾ തീരദേശ പരിസ്ഥിതിക്കും കടൽ ജീവികൾക്കും പൊതുജന ആരോഗ്യത്തിനും ഗുരുതര ഭീഷണിയാണെന്ന് ശാസ്ത്രജ്ഞർ ചൂണ്ടിക്കാട്ടി. കടൽ മലിനീകരണത്തിനെതിരെ പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കാൻ ലക്ഷ്യമിട്ടായിരുന്നു പരിപാടി.